(സി) ഏതൊക്കെ മൾട്ടിനാഷണൽ കമ്പനികളാണ് പുതിയ ടെക്നോപാർക്കിൽ പ്രവർത്തനമാരംഭിക്കുവാൻ അനുമതി തേടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നതിനാൽ കേരളത്തിലേയ്ക്ക് കൂടുതൽ ഐ.ടി. എനേബിൾഡ് സർവ്വീസ് യൂണിറ്റുകളെ ആകർഷിക്കുവാൻ സാധിക്കും. സംസ്ഥാനത്തിന് വ്യവസായ മൂലധന നിക്ഷേപം, മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യതകൾ, ഐ.ടി. രംഗത്ത് വൻകുതിച്ചുകയറ്റം, സോഫ്ട്വെയർ കയറ്റുമതി രംഗത്ത് സംസ്ഥാനത്തിന് അർഹമായ സ്ഥാനം എന്നീ നേട്ടങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഗുണനിലവാരം കൂടിയതും ചിലവു കുറഞ്ഞതുമായ കേരളത്തിലെ ഐ.ടി. മേഖലയിലുള്ള മാനവശേഷിയും സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയും കേരളത്തിൽ ഈ മേഖലയിലുള്ള തൊഴിൽരഹിതർക്ക് തൊഴിൽ ലഭിക്കുവാനിടയാക്കും. സംസ്ഥാനത്തിൽ വ്യവസായ മൂലധന നിക്ഷേപവും നികുതിയിനത്തിലുള്ള വരുമാനവും കയറ്റുമതി രംഗത്ത് അർഹമായ സ്ഥാനവും ഐ.ടി. മേഖലയിലുള്ള മൾട്ടിനാഷണൽ കമ്പനികൾവഴി ലഭിക്കുവാനിടയാകും.

(സി) ഹാർമോണിക്സ്, ഇന്റലിപ്രൈം, ഐ.ഡി.എസ്.ഐ. എന്നീ അമേരിക്കൻ കമ്പനികളും വാനില നെറ്റ്വർക്സ് എന്ന ആസ്ട്രേലിയൻ കമ്പനിയും ദുബായിലെ അംലാകീ എന്ന കമ്പനിയും ഇൻഫോ പാർക്കിൽ പ്രവർത്തനമാരംഭിക്കുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം ടെക്നോപാർക്കിലെ സ്ഥാപനങ്ങൾ അടച്ചുതീർക്കാനുള്ള കുടിശ്ശിക

69 [1208] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ടെക്നോപാർക്കിലെ ഓരോ സ്ഥാപനങ്ങളും വൈദ്യുതി, ജലം, തൊഴിൽ നികുതി, ഇ.എസ്.ഐ. തുക എന്നീയിനങ്ങളിൽ സർക്കാരിനും വിവിധ ഡിപ്പാർട്ടുമെന്റുകൾക്കുമായി അടച്ചുതീർക്കാനുള്ള കുടിശ്ശിക എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

പുതിയ ഹജ്ജ് ഹൗസിന്റെ നിർമ്മാണം

70 [1209] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന് 200 മീറ്റർ ദൂരത്ത് നിലവിലുള്ള ഹജ്ജ് ഹൗസ് വികസിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly